## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4110 24.10.2016 -ലെ മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

*ചോദ്യം*
ശ്രീ. ജി. എസ്. ജയലാൽ

*ഉത്തരം*
ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ 13 സർവ്വകലാശാലകളിലായി യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്ര എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യാത്തവ എത്രയെന്നും വ്യക്തമാക്കുമോ; | (എ) & (ബി) | കേരള സർവ്വകലാശാലയിൽ 232 അസിസ്റ്റന്റ് തസ്തികകളുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 20.10.2016 ലെ കണക്കനുസരിച്ച് 206 പേർ ജോലിയിൽ പ്രവേശിച്ചു. അതിനുശേഷം ഉണ്ടായ 4 ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 31.05.2016 വരെയുള്ള 118 ഒഴിവുകൾ 06.06.2016 പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തു. 108 പേർ സർവ്വീസിൽ പ്രവേശിക്കുകയും 4 പേർ സർവ്വീസിൽ പ്രവേശിക്കുന്നതിന് എക്സ്റ്റൻഷൻ വാങ്ങിയിട്ടുമുണ്ട്. 01.06.2016 ന് ശേഷം നിലവിൽ വന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>കാലിക്കറ്റ് സർവ്വകലാശാലകൾ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30.01.2016 ൽ പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടന്നുകൊണ്ടിരിക്കുന്നു. 2009 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന്റെ ഭാഗമായി ഒഴിവുവന്ന അസിസ്റ്റന്റ് തസ്തികയുടെ 20 NCA ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി. എസ്. സി. 20 ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് പട്ടിക അസിസ്റ്റന്റ് നിയമനത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | 17.08.2016 ലെ Adv.C3/104/2016/P& ARD എന്ന ഉത്തരവ് നിലവിലുണ്ടായിട്ടും സർവ്വകലാശാലകൾ എന്തുകൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ടു ചെയ്യുവാൻ കാലതാമസം വരുത്തുന്നതെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ജി.ഒ.(എം.എസ്.) നം.**174/2016/**ഉവിവ തീയതി **06.08.2016** ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ , അസിസ്റ്റന്റ് രജിസ്ട്രാർ , സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻമുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>മലയാള സർവ്വകലാശാല – തസ്തിക സൃഷ്ടിച്ചിട്ടില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല – അസിസ്റ്റന്റിന്റെ ഒരു ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കുസാറ്റ് - നിലവിലുണ്ടായിരുന്ന **30** ഒഴിവുകളിലേക്ക് പി എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.<br><br>കണ്ണൂർ സർവ്വകലാശാല - 71 അസിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുണ്ട്.<br><br>**NUALS** സർവ്വകലാശാല ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. ഈ സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനത്തിന് പുതിയ സർവ്വകലാശാല നിയമം വരുന്നതിനു മുൻപ് അപേക്ഷ ക്ഷണിച്ചിരുന്നതും തുടർന്ന് അഡ്വോക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം നിയമന നടപടികളുമായി സർവ്വകലാശാല മുന്നോട്ട് പോകുന്നു. |

| | | | |
|---|---|---|---|
| | | | കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ ഒഴിവുള്ള അസിസ്റ്റന്റിന്റെ 40 തസ്തികകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിൽ ഉണ്ടായിരുന്ന 90 അസിസ്റ്റന്റിന്റെ ഒഴിവുകളെല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. യിൽ നിന്നും അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ 205 ഒഴിവുകൾ നിലവിലുണ്ട്. സർവ്വകലാശാല ജനറൽ കൗൺസിലിന്റെ തീരുമാനവും വൈസ് ചാൻസലറുടെ ഉത്തരവും അനുസരിച്ച് 50% ഒഴിവുകൾ (103 ഒഴിവുകൾ) പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 17.08.2016 ലെ Adv. C3/104/2016/P&ARD ഉത്തരവ് പ്രകാരം മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിൽ 9 യൂണിവേഴ്സിറ്റിഅസിസ്റ്റന്റുമാരുടെ ഒഴിവുകളാണ് നിലിവിലുണ്ടായിരുന്നത്. അതിൽ എല്ലാ ഒഴിവുകളും പി എസ്.സി ക്ക് റിപ്പോർ ട്ട് ചെയ്തിട്ടുണ്ട് |
| (സി) | മെഡിക്കൽ യൂണിവേഴ്സിറ്റി, ടെക്നിക്കൽ യൂണിവേഴ്സിറ്റി, കണ്ണൂർ സർവ്വകലാശാല എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | | | |
| (ഡി) | സർവ്വകലാശാലകളിലെ ഡെപ്യൂട്ടേഷൻ നിയമനം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുമോ; | | |
| (ഇ) | കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ? | (ഇ) | കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ **205** ഒഴിവുകൾ നിലവിലുണ്ട്. സർവ്വകലാശാല ജനറൽ കൗൺസിലിന്റെ തീരുമാനവും വൈസ് ചാൻസലറുടെ ഉത്തരവും അനുസരിച്ച് **50%** ഒഴിവുകൾ **(103** ഒഴിവുകൾ**)** പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന്, നിലവിൽ കാർഷിക സർവ്വകലാശാലയിലെ തസ്തികകളിലെ ജോലിഭാരം നിർണ്ണയിച്ച ശേഷം ഭരണസമിതി പരിശോധിച്ച ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യം തീരുമാനിക്കും എന്ന് സർവ്വകലാശാല ജനറൽ കൗൺസിൽ തീരുമാനിച്ചതിൽ പ്രകാരമാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**